പത്രക്കുറിപ്പ്
4-3-2017

**കുടുംബശ്രീ:**

# വിവിധ തസ്തികകളിലേക്കുള്ള എഴുത്തു പരീക്ഷ മാർച്ച് (2017) 12ന്

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന-ജില്ലാമിഷൻ ഓഫീസുകളിലെ വിവിധ തസ്തികകളിലേക്കുള്ള എഴുത്തുപരീക്ഷ 12ന് ( 2017 മാർച്ച് 12ന്)നടത്തും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പരീക്ഷാകേന്ദ്രങ്ങൾ. രണ്ടു മണിക്കൂറാണ് പരീക്ഷാ സമയം. 22 തസ്തികകളിലേക്ക് രാവിലെ 10 മുതൽ 12 വരെയും മൂന്നു തസ്തികകളിൽ ഉച്ചക്ക് 1.30 മുതൽ 3.30 വരെയും പരീക്ഷ നടത്തും.

ലഭിച്ച 10,500 ൽപരം അപേക്ഷകളിൽ നിന്നും യോഗ്യരായ 9630 പേർക്കാണ് പരീക്ഷ നടത്തുന്നത്. മെന്റൽ എബിലിറ്റി, ന്യൂമെറിക്കൽ എബിലിറ്റി, കുടുംബശ്രീയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, ജനറൽ നോളജ് എന്നിവയുൾപ്പെടെ ഒബ്ജക്ടീവ് മാതൃകയിലാണ് പരീക്ഷ. യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും അഡ്മിറ്റ് കാർഡ് അയച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥികളുടെ പേര്, റോൾ നമ്പർ, പരീക്ഷാ കേന്ദ്രം, പരീക്ഷാ സമയം എന്നീ വിവരങ്ങൾ കുടുംബശ്രീ വെബ്സൈറ്റിലും നൽകിയിട്ടുണ്ട്. അഡ്മിറ്റ് കാർഡ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് ഇത് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനാകും. വൈകി കിട്ടിയ അപേക്ഷകൾ സ്വീകരിച്ചിട്ടില്ല.

തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനാണ് പരീക്ഷാ നടത്തിപ്പു ചുമതല. പരീക്ഷാഫലം മാർച്ച് 20 നകം കുടുംബശ്രീ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ